LIBRARY ARCHIVES Kerala Legislative Assembly

ഹോമിയോ ഡിസ്പെൻസറി

143 (832) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ഗ്രാമ പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഡിസ്പെൻസറി ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2015-16 സാമ്പത്തിക വർഷത്തിൽ പുതിയ ഡിസ്പെൻസറികൾ തുടങ്ങുന്ന കാര്യം പരിഗണിച്ചിട്ടില്ല.

മാടായിക്കാവ് ക്ഷേത്രകലാ അക്കാദമി

144(833) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ 7-8-2015-ന് ഉദ്ഘാടനം കഴിഞ്ഞ ക്ഷേത്രകലാ അക്കാദമിയിൽ കോഴ്സുകൾ തുടങ്ങുന്നതിനുള്ള തടസ്സമെന്താണ്; പ്രാരംഭഘട്ടത്തിൽ ഏതൊക്കെ കോഴ്സുകൾ തുടങ്ങുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

ക്ഷേത്രകലാ അക്കാദമിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുകയെ സംബന്ധിച്ച വരവ് ചെലവ് കണക്കുകളും ബില്ലുകൾ വൗച്ചറുകൾ എന്നിവ യഥാസമയം അക്കാദമി ഭരണ സമിതി പാസ്സാക്കി തലശ്ശേരി അസിസ്റ്റന്റ് കമ്മീഷണർ മുഖാന്തിരം ദേവസ്വം ബോർഡിലേക്ക് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് യഥാസമയം ലഭ്യമാക്കാതിരുന്നതിനാൽ കൂടുതൽ ഫണ്ട് അനുവദിച്ചിട്ടില്ല. ഇക്കാരണത്താൽ അക്കാദമിയിൽ കോഴ്സുകൾ തുടങ്ങുന്നതിന് കാലതാമസം നേരിടുന്നതായി ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. പ്രവർത്തനത്തിന്റെ ആദ്യഘട്ടമായി വാദ്യം, പൂരക്കളി, തിടമ്പ്, നൃത്തം എന്നീ കലകളാണ് അഭ്യസിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കാൻ മലബാർ ദേവസ്വം ബോർഡിന് നിർദ്ദേശം നൽകുന്നുണ്ട്.